യുള്ള ഹാച്ചറികൾ സ്ഥാപിക്കാൻ 50,000 രൂപ സബ്സിഡി നൽകുന്ന കാര്യവും പറഞ്ഞു. അങ്ങനെ ഗവണ്മെന്റിന്റെ സഹായത്തോടെ ഹാച്ചറികൾ തുടങ്ങാനാണ് നടപടി എടുക്കുന്നത്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

6 (*289) മത്സ്യകൃഷി ഇൻഷ്വറൻസ് പദ്ധതി

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യകൃഷി ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ടോ ;

(ബി) എങ്കിൽ ഏതു ഏജൻസി വഴിയാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്;

(സി) ഈ ഏജൻസി മുഖേന മത്സ്യകൃഷിക്കാർക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കി വരുന്നത് എന്ന് വ്യക്തമാക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) കോട്ടയം ജില്ലയിൽ നിലവിലുണ്ട്.

(ബി) എഫ്.എഫ്. ഡി.എ മുഖേനെ യുണൈറ്റഡ് ഇൻഡ്യാ ഇൻഷ്വറൻസ് കമ്പനി വഴി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു.

(സി) വ്യക്തമാക്കാം. കോട്ടയം ജില്ലയിൽ എഫ്.എഫ്. ഡി.എ മുഖേനെ യുണൈറ്റഡ് ഇൻഡ്യാ ഇൻഷ്വറൻസ് കമ്പനി വഴി എഫ്.എഫ്. ഡി.എ യുടെ സഹായത്തോടെ മത്സ്യകൃഷി നടത്തുന്ന മത്സ്യകർഷകർക്ക് പ്രകൃതിക്ഷോഭം, മത്സ്യരോഗം , കവർച്ച എന്നിവക്കെതിരെ ഇൻഷ്വറൻസ് പരിരക്ഷ നൽകി വരുന്നു. 70 ശതമാനത്തിലധികം വരുന്ന നഷ്ടം മൊത്തം നഷ്ടമാക്കി കണക്കാക്കിയാണ് പരിരക്ഷ അനുവദിക്കുന്നത്. മറ്റു ജില്ലകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

7 (*291) കേരളത്തിലെ ക്ഷേത്രകലകൾക്കും അനുഷ്ഠാനകലകൾക്കും പ്രചാരണവും പ്രസിദ്ധീകരണവും നൽകുവാൻ നടപടി

ശ്രീ. പാലോട് രവി :

ശ്രീ. വി. ബാലറാം :

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശങ്ങളിൽ കേരളത്തിലെ ക്ഷേത്രകലകൾക്കും പ്രചാരണവും പ്രസിദ്ധീകരണവും നൽകുവാൻ ഗവൺമെന്റിന് എന്തെല്ലാം പരിപാടികളുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly